"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഹോമിയോപ്പതി വകുപ്പ് - തൃശ്ശൂർ ജില്ലയിലെ കിള്ളന്നൂർ സർക്കാർ ഹോമിയോ ഡിസ്പെൻസറിയുടെ പേര് "മുളങ്കുന്നത്തുകാവ് സർക്കാർ ഹോമിയോ ഡിസ്പെൻസറി" എന്ന് പുനർനാമകരണം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (സി) വകുപ്പ്**

സ.ഉ.(കൈ) നം.**27/2026/AYUSH** തീയതി,തിരുവനന്തപുരം, **28-06-2026**

---

പരാമർശം:- ഹോമിയോപ്പതി വകുപ്പ് മേധാവിയുടെ **15/11/2025**-ലെ **DHTVM/2218/2025-P2** നമ്പർ കത്ത്

**<u>ഉത്തരവ്</u>**

തൃശ്ശൂർ ജില്ലയിലെ കിള്ളന്നൂർ സർക്കാർ ഹോമിയോ ഡിസ്പെൻസറിയുടെ നിലവിലെ പേര് രേഖകളിൽ "കിള്ളന്നൂർ സർക്കാർ ഹോമിയോ ഡിസ്പെൻസറി" എന്നാണുള്ളത്. എന്നാൽ പ്രസ്തുത സ്ഥാപനം മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്തിന്റെ ഭരണപരിധിയിലാണ് സ്ഥിതി ചെയ്യുന്നത്. ആയതിനാൽ സ്ഥാപനത്തിന്റെ പേര് "മുളങ്കുന്നത്തുകാവ് സർക്കാർ ഹോമിയോ ഡിസ്പെൻസറി" എന്ന് പുനർനാമകരണം ചെയ്യുന്നതിനുള്ള അനുമതി നൽകണമെന്നാവശ്യപ്പെട്ട് മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്ത് ഭരണസമിതി യോഗതീരുമാനം ഉൾപ്പെടെ ജില്ലാ മെഡിക്കൽ ഓഫീസർ (ഹോമിയോ) ലഭ്യമാക്കിയ രേഖകൾ, ഗ്രാമപഞ്ചായത്ത് ഭരണസമിതി യോഗതീരുമാനത്തിന്റെ പകർപ്പ് എന്നിവ സഹിതം, ടി വിഷയത്തിൽ തീരുമാനം ലഭ്യമാക്കുന്നതിനായി ഹോമിയോപ്പതി വകുപ്പ് മേധാവി പരാമർശം കത്ത് പ്രകാരം സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. തൃശ്ശൂർ ജില്ലയിലെ **കിള്ളന്നൂർ സർക്കാർ ഹോമിയോ ഡിസ്പെൻസറി**യുടെ പേര് **"മുളങ്കുന്നത്തുകാവ് സർക്കാർ ഹോമിയോ ഡിസ്പെൻസറി"** എന്ന് പുനർനാമകരണം ചെയ്ത് ഉത്തരവ്

പുറപ്പെടുവിക്കുന്നു.

ഹോമിയോപ്പതി വകുപ്പ് മേധാവി, ജില്ലാ മെഡിക്കൽ ഓഫീസർ (ഹോമിയോ), തൃശ്ശൂർ എന്നിവർ ഈ ഉത്തരവ് നടപ്പിലാക്കുന്നതിനും ബന്ധപ്പെട്ട രേഖകളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**VIJAIRAJ J**

ജോയിന്റ് സെക്രട്ടറി

1. ഹോമിയോപ്പതി വകുപ്പ് മേധാവി, തിരുവനന്തപുരം
2. ജില്ലാ മെഡിക്കൽ ഓഫീസർ (ഹോമിയോ), തൃശ്ശൂർ
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം
4. വിവര-പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്
5. കരുതൽ ഫയൽ (ഫയൽ നം.AYU-C2/96/2026-AYUSH)

ഉത്തരവിൻ പ്രകാരം

Signed by
Baiju G
Date: 06-07-2026 10:59:30
സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. ആരോഗ്യ-ദേവസ്വം വകുപ്പ് മന്ത്രിയുടെ പി.എസ്.ന്

ആയുഷ് വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്